**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5898 25.05.2017-ൽ മറുപടിക്ക്

## ആഭ്യന്തര ടൂറിസം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.കെ. ബഷീർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) നോട്ട് നിരോധനം വന്നതിനു ശേഷം ആഭ്യന്തര ടൂറിസം രംഗത്ത് മാന്ദ്യം സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | എ) യും ബി) യും | നോട്ട് നിരോധനത്തിനുശേഷം ആഭ്യന്തര ടൂറിസം രംഗത്ത് മാന്ദ്യം സംഭവിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. വിദേശത്തും സ്വദേശത്തും റോഡ് ഷോകളും ഫെയറുകളും സംഘടിപ്പിച്ചതിലൂടെയും പരസ്യ പ്രചരണങ്ങളിലൂടെയും നവ മാധ്യമ പ്രചരണങ്ങൾ ത്വരിതപ്പെടുത്തിയതിലൂടെയും നോട്ട് നിരോധനം മൂലം സംസ്ഥാന ടൂറിസം രംഗത്തുണ്ടായ മാന്ദ്യം പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. |
| സി) ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ടൂറിസം പാക്കേജുകൾ നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ;<br><br>ഡി) ഇല്ലെങ്കിൽ യാത്ര ചെലവ്, ഭക്ഷണം, താമസം, സ്ഥലങ്ങൾ കാണൽ എന്നിവയെല്ലാം ഉൾപ്പെടെയുള്ള ടൂറിസം പാക്കേജുകൾ നടപ്പിലാക്കുന്നതിനും തദ്വാരാ ആഭ്യന്തര ടൂറിസം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | സി) യും ഡി) യും | ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി വാണിജ്യാടിസ്ഥാനത്തിലുള്ള ടൂറിസം പാക്കേജുകൾ ടൂറിസം വകുപ്പ് നേരിട്ട് നടപ്പാക്കി വരുന്നില്ല. നിലവിൽ ടൂറിസം പാക്കേജുകൾ നേരിട്ട് നടപ്പാക്കുന്ന വിഷയം ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ കേരള ടൂറിസത്തിന്റെ അക്രഡിറ്റഡ് ടൂർ ഓപ്പറേറ്റർമാർ നൽകുന്ന ടൂർ പാക്കേജുകളെ സംബന്ധിച്ച വിശദാംശം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധ പ്പെടുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ.